**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2277** **21-06-2024 - ൽ മറുപടിയ്ക്ക്**

**സബ്സിഡി നിരക്കിൽ അരി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോ വഴി സബ്സിഡിയായി നൽകിവരുന്ന 5 കിലോ അരി 10 കിലോയാക്കി ഉയർത്തി നൽകുവാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ; | (എ) | 16-02-2024- തീയതിയിലെ സ.ഉ.(കൈ) നം.3/2024/F&CS നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില കാലാനുസൃതമായി പരിഷ്കരിക്കുകയുണ്ടായി. ആയത് പ്രകാരം ഒരു റേഷൻ കാർഡിന് പ്രതിമാസം പരമാവധി 10 കിലോഗ്രാം അരിയാണ് സബ്സിഡി നിരക്കിൽ അനുവദനീയമായിട്ടുള്ളത്. നിലവിൽ ലഭ്യതയ്ക്കനുസരിച്ച് ഒരു റേഷൻ കാർഡിന് പ്രതിമാസം 5 കിലോഗ്രാം ശബരി കെ-റൈസും 5 കിലോഗ്രാം പച്ചരിയുമാണ് നൽകിവരുന്നത്. ലഭ്യത കൂടുന്നതനുസരിച്ച് കെ-റൈസ് 10 കിലോഗ്രാമായി ഉയർത്തി നൽകുന്നത് പരിശോധിക്കുന്നതാണ്. |
| (ബി) | സപ്ലൈകോ ഔട്ട് ലെറ്റുകളിൽ പഞ്ചസാരയുടെ ലഭ്യത ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കാമോ; | (ബി) | സപ്ലൈകോ വില്പന കേന്ദ്രങ്ങളിൽ പഞ്ചസാരയുടെ ലഭ്യത ഉറപ്പ് വരുത്തുവാൻ e- tender/ e-auction നടത്തുന്നുണ്ട്. |
| (സി) | സപ്ലൈകോയിൽ സാധനങ്ങൾ വിതരണം ചെയ്യുന്നവർക്ക് കുടിശിക തുക നൽകുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ; | (സി) | വിപണിയിടപെടൽ പദ്ധതി നടപ്പാക്കുന്ന ഇനത്തിൽ സപ്ലൈകോയ്ക്ക് ഉണ്ടാകുന്ന സബ്സിഡി നഷ്ടം നികത്തുന്നതിനായി 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതമായ 190.80 കോടി രൂപയ്ക്ക് പുറമെ 200 കോടി രൂപ കൂടി അധികമായി വകയിരുത്തി നൽകിയിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുവിപണിയിൽ വിലക്കയറ്റം പിടിച്ചു നിർത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിപണിയിലെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് 2016-21 ലെ സർക്കാർ നയം തന്നെയാണ് പിൻതുടരുന്നത്. പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വിൽപ്പന ശാലകൾ വഴി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി വരുന്നു. 2016 മുതൽ പ്രാബല്യത്തിൽ വന്ന സബ്സിഡി നിരക്ക് 2024 ഫെബ്രുവരി 20 വരെ വർദ്ധിപ്പിച്ചിരുന്നില്ല. പൊതു വിപണിയേക്കാൾ 28 |

മുതൽ 74 ശതമാനം വരെ വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തിയിരുന്നത്. പ്രതിമാസം ശരാശരി 35 ലക്ഷത്തിലധികം റേഷൻ കാർഡുടമകൾ ഈ സബ്സിഡി പദ്ധതി പ്രയോജനപ്പെടുത്തിയിരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ ആകെ 585.97 കോടി രൂപയുടെ (പ്രതിമാസം ശരാശരി 48.83 കോടി രൂപയുടെ) പ്രയോജനം സബ്സിഡിയുടെ രൂപത്തിൽ സപ്ലൈകോ ഉപഭോക്താക്കളായ റേഷൻ കാർഡ് ഉടമകൾക്ക് ലഭിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ ഇത് 346.534 കോടി രൂപയാണ് (പ്രതിമാസം ശരാശരി 28.88 കോടി രൂപ). ആയത് അനുബന്ധം I ആയി ചേർക്കുന്നു.

16-02-2024- തീയതിയിലെ സ.ഉ.(കൈ) നം.3/2024/F&CS നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില കാലാനുസൃതമായി പരിഷ്കരിക്കുകയുണ്ടായി. കൂടുതൽ ജനങ്ങൾക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാക്കുവാൻ ഇത് മൂലം സാധിക്കുന്നതാണ്. പൊതു വിപണിയിലെ വില വ്യതിയാനങ്ങൾക്ക് അനുസൃതമായി സബ്സിഡി വിലയും കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പൊതു വിപണിയിൽ മുളകിന്റെ വില്പന വില കുറഞ്ഞ സാഹചര്യത്തിൽ മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 29-05-2024 തീയതിയിലെ സ.ഉ.(സാധാ) നം. 129/2024/F&CS നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് സപ്ലൈകോ 01-06-2024 മുതൽ സബ്സിഡി മുളകിന്റെ വില്പന വില കുറയ്ക്കുകയുണ്ടായി.

സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി വരുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ പട്ടികയും അവയുടെ നിലവിലെ വിൽപ്പന വിലയും ഒരു റേഷൻ കാർഡിന് പ്രതിമാസം അനുവദനീയമായ പരമാവധി അളവും അനുബന്ധം II ആയി ചേർക്കുന്നു.

സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി വെളിച്ചെണ്ണ സബ്സിഡി നിരക്കിലുള്ള 500 മില്ലി ലിറ്ററും സബ്സിഡി ഇതര 500 മില്ലി ലിറ്ററും ഒറ്റ പായ്ക്കറ്റിലാക്കിയാണ് നൽകി വരുന്നത്. ആയതിന്റെ 2024 ജൂൺ മാസത്തെ വിൽപ്പന വില 142.80 രൂപയാണ് .

പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ നല്ലയിനം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ മുഖേന ശബരി കെ- റൈസ് എന്ന ബ്രാൻഡിലാണ് സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, മട്ട അരി എന്നിവ വിതരണം ചെയ്യുന്നത്.

**ശബരി കെ- റൈസ് വിൽപ്പന വിലകൾ ചുവടെ ചേർക്കുന്നു.**

ശബരി കെ- റൈസ് (ജയ അരി) കി.ഗ്രാമിന് - 29 രൂപ

ശബരി കെ- റൈസ് (കുറുവ അരി) കി.ഗ്രാമിന് - 30 രൂപ

ശബരി കെ- റൈസ് (മട്ട അരി) കി.ഗ്രാമിന് - 30 രൂപ

നിലവിൽ റേഷൻകാർഡ് ഒന്നിന് പ്രതിമാസം 5 കിലോഗ്രാം വീതമാണ് ശബരി കെ-റൈസ് വിതരണം ചെയ്യുന്നത്. കൂടാതെ ലഭ്യതയ്ക്ക് അനുസരിച്ച് കാർഡൊന്നിന് 5 കി.ഗ്രാം പച്ചരിയും നൽകുന്നുണ്ട്.

സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 41 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു.

ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, ആട്ട, മട്ട (ഉണ്ട) അരി, കുറുവ അരി എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ ‘ശബരി’ ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു.

ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ / മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.

സംസ്ഥാനത്തുടനീളമുള്ള സപ്ലൈകോയുടെ 87 മെഡിക്കൽ സ്റ്റോറുകളിലൂടെ ന്യായമായ വിലയിൽ അവശ്യ മരുന്നുകൾ ലഭ്യമാക്കുന്നു. മുൻഗണനാ വിഭാഗങ്ങൾക്ക് ഇൻസുലിന് 25% ഡിസകൗണ്ടും നൽകി വരുന്നുണ്ട്.

2022 ൽ അരിവിലയിൽ കാര്യമായ വർദ്ധനവുണ്ടായ അടിയന്തര സാഹചര്യത്തിൽ സപ്ലൈകോ

| | | | |
|---|---|---|---|
| | | | വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ അരി വണ്ടി എന്ന പേരിൽ 02.11.2022 മുതൽ 08.11.2022 വരെ 6 ദിവസത്തേക്ക് (06.11.2022 ഞായർ അവധി) എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. ഒരാഴ്ച്ചകൊണ്ട് 1.31 ലക്ഷം കിലോ അരിയാണ് അരിവണ്ടി മുഖേന സബ്സിഡി നിരക്കിൽ സംസ്ഥാനത്തെ റേഷൻകാർഡുടമകൾക്ക് വിതരണം ചെയ്തത്. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് അരി വണ്ടിയുടെ സേവനം ക്രമീകരിച്ചത്. ഇത്തരത്തിൽ അരി വണ്ടി, മൊബൈൽ മാവേലി, സപ്ലൈകോ വിൽപ്പനശാലകൾ എന്നിവ വഴി കുറഞ്ഞ നിരക്കിൽ ആവശ്യാനുസരണം അരി ലഭ്യമാക്കിയതു മൂലം പൊതുജനങ്ങൾക്ക് വലിയൊരളവിൽ ആശ്വാസം നൽകുവാൻ സാധിച്ചു.<br><br>ഓണം, ക്രിസ്തുമസ്, വിഷു, ഈസ്റ്റർ, റംസാൻ മുതലായ ഉൽസവകാലങ്ങളിൽ പ്രത്യേകം ഫെയറുകളും സംഘടിപ്പിച്ചുവരുന്നു.<br><br>പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്ന് സപ്ലൈകോ സ്വീകരിച്ച ഈ നടപടികൾ മൂലം ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| സാമ്പത്തിക വർഷം | സബ്സിഡി നിരക്കിലുള്ള ആകെ വിറ്റുവരവ് (കോടി രൂപ) | സബ്സിഡി വിൽപ്പനയിലൂടെ ജനങ്ങൾക്ക് ലഭ്യമായ ആനുകൂല്യം (കോടി രൂപ) |
|---|---|---|
| 2021-22 | 526.16 | 270.68 |
| 2022-23 | 841.23 | 585.97 |
| 2023-24 | 479.29 | 346.534 |

## അനുബന്ധം II

| ക്രമ നം. | ഇനം | സബ്സിഡി വിൽപ്പന വില (ജി.എസ്.റ്റി. പുറമേ) രൂപ | സബ്സിഡി നിരക്കിൽ ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകാവുന്ന പരമാവധി അളവ് |
|---|---|---|---|
| 1 | ചെറുപയർ ( 1 കി.ഗ്രാം ) | 92 | 1 കിലോ ഗ്രാം |
| 2 | ഉഴുന്ന് ബോൾ ( 1 കി.ഗ്രാം ) | 95 | 1 കിലോ ഗ്രാം |
| 3 | വൻകടല ( 1 കി.ഗ്രാം ) | 69 | 1 കിലോ ഗ്രാം |
| 4 | വൻപയർ ( 1 കി.ഗ്രാം ) | 75 | 1 കിലോ ഗ്രാം |
| 5 | തുവരപ്പരിപ്പ് (1 കി.ഗ്രാം) | 111 | 1 കിലോ ഗ്രാം |
| 6 | മുളക് ( 500 ഗ്രാം ) | 75 | 500 ഗ്രാം |
| 7 | മല്ലി ( 500 ഗ്രാം ) | 39 | 500 ഗ്രാം |
| 8 | പഞ്ചസാര ( 1 കി.ഗ്രാം ) | 27 | 1 കിലോ ഗ്രാം |
| 9 | വെളിച്ചെണ്ണ ( 500 മില്ലി ലിറ്റർ ) | 55 | 500 മില്ലി ലിറ്റർ |
| 10 | ജയ അരി ( 1 കി.ഗ്രാം ) | 29 | എല്ലാ അരി ഇനങ്ങളും കൂടി പരമാവധി 10 കിലോ ഗ്രാം |
| 11 | കുറുവ അരി ( 1 കി.ഗ്രാം ) | 30 | |
| 12 | മട്ട അരി ( 1 കി.ഗ്രാം ) | 30 | |
| 13 | പച്ചരി ( 1 കി.ഗ്രാം ) | 26 | |

നിയമാനുസൃത നികുതി ഈടാക്കുന്നതാണ്. കൂടാതെ പായ്ക്ക് ചെയ്തു നൽകുന്നവയ്ക്ക് പായ്ക്കിംഗ് ചാർജ്ജും ഈടാക്കുന്നതാണ്.